## റൂളിംഗ്

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിനുമുൻപായി ചട്ടം 303 പ്രകാരം ഒരു ക്രമപ്രശ്നമാണ് ശ്രീ. കെ. എം. മാണി എഴുതി നൽകിയത്. യഥാർത്ഥത്തിൽ ഇത് 303-ന്റെ പരിധിയിൽ വരുന്നതല്ലെങ്കിലും ദീർഘകാലത്തെ അനുഭവപാരമ്പര്യമുള്ള ഒരു സാമാജികനെന്ന നിലയിലാണ് അങ്ങേയ്ക്ക് സംസാരിക്കാനുള്ള അനുവാദം നൽകിയത്. നമ്മുടെ സഭയുടെ കീഴ്വഴക്കം അനുസരിച്ച് ഒരു ബിൽ സഭയിൽ അവതരിപ്പിക്കുന്ന വേളയിലാണ് ബില്ലിന്റെ അവതരണത്തിനെതിരെയുള്ള തടസ്സവാദങ്ങൾ ഉന്നയിക്കാൻ അവസരം നൽകുന്നത്. അത്തരം തടസ്സവാദങ്ങൾ പരിഗണിച്ചുകൊണ്ടും ബില്ലിൽ അടങ്ങുന്ന തത്വം സഭ പൊതുവായി ചർച്ച ചെയ്ത് അംഗീകരിച്ചുകൊണ്ടും വിശദമായ പരിശോധനയ്ക്കായി സെലക്ട് കമ്മിറ്റിക്കോ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്കോ അയയ്ക്കുകയാണ് ചെയ്യുന്നത്. അപ്രകാരം ഒരു സമിതിയുടെ പരിശോധനയ്ക്ക് അയച്ചതിനെത്തുടർന്ന് പ്രസ്തുത സമിതി സമഗ്ര പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സഹിതം സഭയിൽ സമർപ്പിക്കുന്ന ബിൽ സഭ പരിഗണനയ്ക്കെടുക്കുന്ന വേളയിൽ അതേ ബില്ലിന്റെ

ഭരണഘടനാ സാധുത സംബന്ധിച്ചോ നിയമനിർമ്മാണത്തിനുള്ള സഭയുടെ കോംപീറ്റൻസി സംബന്ധിച്ചോ ഉള്ള കാര്യങ്ങൾ വീണ്ടും സഭയിൽ ഉന്നയിക്കുന്നതും അതിന്മേൽ ചെയറിൽ നിന്നും റൂളിംഗ് ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നതും ഉചിതമായ കാര്യമാണെന്ന് തോന്നുന്നില്ല. ഇത്തരം കീഴ്വഴക്കങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ് ചെയറിന്റെ അഭിപ്രായം. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം നൽകിയ നോട്ടീസ് ക്രമപ്രകാരമല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.